Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2026/1618 (7) തീയതി : 17.06.2026

# സർക്കുലർ

വിഷയം:- കൈറ്റ് – 2026–27 വർഷത്തെ തസ്തിക നിർണയം – സ്കൂളുകൾ 'സമ്പൂർണ'യിൽ യു.ഐ.ഡി. വിവരങ്ങൾ കൃത്യമാക്കുന്നത് സംബന്ധിച്ച്

സൂചന:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01.06.2026–ലെ DGE/9368/2025–H2 നമ്പർ സർക്കുലർ.

2. ഈ ഓഫീസിലെ 04.06.2026 ലെ കൈറ്റ്/2026/1421 (10) നമ്പർ സർക്കുലർ

3. 15.06.2026–ലെ 3960/2026/GEDN നമ്പർ സർക്കാർ ഉത്തരവ്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.06.2026 ലെ DGE/9368/2025 – H2 നമ്പർ കത്ത്.

സൂചന 1 സർക്കുലർ പ്രകാരം 2026–27 അധ്യയനവർഷത്തെ ആറാം പ്രവൃത്തി ദിവസമായ 08.06.2026 വരെ സ്കൂളുകൾ 'സമ്പൂർണ' പോർട്ടലിൽ അപ്‌ലോഡ് ചെയ്ത ഇൻവാലിഡ് യുഐ.ഡി.കളുടെ പരിശോധന കൈറ്റ് പൂർത്തിയാക്കിയിരുന്നു. സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഈ അധ്യയനവർഷത്തെ തസ്തിക നിർണ്ണയം സംബന്ധിച്ച സൂചന 3 സർക്കാർ ഉത്തരവിനനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സൂചന 4 കത്ത് പ്രകാരം കൈറ്റിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സ്കൂളുകൾ 'സമ്പൂർണ'യിൽ ലോഗിൻ ചെയ്ത് **UID Analysis** ഐക്കണിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന വിവരം അതത് ദിവസം വരെ ഉൾപ്പെടുത്തിയ ഡാറ്റയാണ് (**Present Strength as on Today**) എന്നാൽ **'Sixth Working Day Strength for Staff Fixation/SAMANWAYA'** ലിങ്കിൽ പ്രതിഫലിക്കുന്ന യു.ഐ.ഡി ഉള്ള കുട്ടികളുടെ എണ്ണം മാത്രമാണ് തസ്തിക നിർണയത്തിന് കണക്കാക്കുന്നത്. ആറാം പ്രവൃത്തിദിനത്തിനു ശേഷം 'സമ്പൂർണ' യിൽ ഉൾപ്പെടുത്തുന്ന യു.ഐ.ഡി. വിവരം **'Sixth Working Day Strength for Staff Fixation/SAMANWAYA'** ലിങ്കിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ച ശേഷം ഉൾപ്പെടുത്തുന്നതാണ്. അതുകൊണ്ടുതന്നെ കുട്ടികളുടെ യു.ഐ.ഡി. വിവരം സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിന് സ്കൂളുകൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.




2. സമ്പൂർണയിലെ ആറാം പ്രവൃത്തിദിന കണക്കിൽ ഇൻവാലിഡ് യു.ഐ.ഡി. ആയിരുന്ന കുട്ടികളുടെ ആധാറിന്റെ വ്യക്തതയുള്ള ഫോട്ടോ അപ്‌ലോഡ് ചെയ്യാൻ സൂചന 1 സർക്കുലറിൽ ജൂൺ 8 വരെ അവസരം നൽകിയിരുന്നു. സൂചന 3 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സൗകര്യം 20.06.2026 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. അതിനാൽ ജൂൺ 8 വരെ അപ്‌ലോഡ് ചെയ്യാത്ത ഇൻവാലിഡ് യു.ഐ.ഡി ഉള്ള കുട്ടികളുടെ ആധാറിന്റെ വ്യക്തതയുള്ള ഫോട്ടോ ജൂൺ 20 വരെ അപ്‌ലോഡ് ചെയ്യാവുന്നതാണ്.

3. ഇപ്രകാരം അപ്‌ലോഡ് ചെയ്യുന്ന ഇൻവാലിഡ് യു.ഐ.ഡി.കൾ സമ്പൂർണയിലെ **'Sixth Working Day Strength for Staff Fixation/SAMANWAYA'** ൽ (Present Strength as on Today എന്ന ഭാഗത്തല്ല) വാലിഡ് ആയി വരുന്നുണ്ടോ എന്ന് ജൂൺ 21 ന് സ്കൂളുകൾ പരിശോധിക്കേണ്ടതാണ്.

4. ആധാർ അപ്‌ലോഡ് ചെയ്തിട്ടും യു.ഐ.ഡി. വാലിഡ് ആകാത്ത കേസുകൾ നേരിട്ട് പരിശോധിക്കുന്നതിനായി (പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.07.2025 ലെ ഡി.ജി.ഇ/12152/2025-എസ്-2 സർക്കുലറിൽ പ്രതിപാദിച്ച രീതിയിൽ) ജൂൺ 22, 23 തീയതികളിൽ ജില്ലകളിൽ ഡി.ഡി.ഇ. തലത്തിൽ കൈറ്റ് കോ-ഓർഡിനേറ്റർമാർ ഉൾപ്പെടുന്ന ടീം പരിശോധന നടത്തി തീരുമാനമെടുക്കുന്നതിന് ക്രമീകരണം ഒരുക്കേണ്ടതാണ്.

5. ജില്ലാതലത്തിൽ പരിഹരിക്കാത്ത ഇൻവാലിഡ് യു.ഐ.ഡി. കേസുകൾ (ജൂൺ 20 ന് മുൻപ് അപ്‌ലോഡ് ചെയ്തത്) ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ (പ്രഥമാധ്യപകരുടെ കത്ത്, ആധാർ, ബർത്ത് സർട്ടിഫിക്കറ്റ്, അഡ്മിഷൻ രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്) ജൂൺ 24, 25 തീയതികളിൽ കൈറ്റ് സ്റ്റേറ്റ് ഓഫീസിൽ വെരിഫിക്കേഷൻ നടത്തുന്നതാണ്.

6. ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെടുത്തും എന്നാൽ യു.ഐ.ഡി.യ്ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും ഇ.ഐ.ഡി നമ്പർ മാത്രം ലഭ്യമായിട്ടുള്ളതുമായ കുട്ടികൾക്ക് സൂചന 3 സർക്കാർ ഉത്തരവ്

അനുസരിച്ച് പിന്നീട് (14.07.2026 വരെ) യു.ഐ.ഡി. സമ്പൂർണയിൽ അപ്‌ലോഡ് ചെയ്യാം. സ്കൂളുകൾ ഇത് വാലിഡ് ആണോ എന്ന് 'Sixth Working Day Strength for Staff Fixation/SAMANWAYA' ലിങ്ക് വഴി പരിശോധിക്കേണ്ടതാണ്. ഇപ്രകാരം വാലിഡ് ആയ യു.ഐ.ഡി.കൾ ആറാം പ്രവൃത്തിദിന കണക്കിലേയ്ക്ക് പരിഗണിക്കുന്നതാണ്.

സ്കൂളുകളിലെ തസ്തിക നിർണ്ണയം വളരെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമായതിനാലും ഈ വർഷം സമയബന്ധിതമായി അത് പൂർത്തിയാക്കുന്നതിന് സർക്കാർ പ്രത്യേക നിർദേശങ്ങൾ പുറപ്പെടുവിച്ചതിനാലും എല്ലാ പ്രഥമാധ്യാപകരും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും കൈറ്റിന്റെ ജില്ലാ ടീം അതിനാവശ്യമായ സാങ്കേതിക സഹായങ്ങൾ കൃത്യമായി ക്രമീകരിക്കേണ്ടതുമാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ/ഉപജില്ലാ വിദ്യാഭ്യസ ഓഫീസർമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും – ജില്ലാ കോ-ഒർഡിനേറ്റർ മുഖേന
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ– അറിവിലേക്ക്
സ്റ്റോക്ക് ഫയൽ